തായി ആരംഭിക്കുവാനുള്ള ശുപാർശ അംഗീകരിക്കുന്നതിനും വിധേയമാണ് ഇത്രയും തസ്തികകൾ സൃഷ്ടിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളത്.

(എച്ച്) വർക്ക് സ്റ്റഡി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ വാർഷിക പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ്

91(1016) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ളവർ സ്വത്തു സമ്പാദിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻമാർ വാർഷിക പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് നൽകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ 5 കൊല്ലത്തേയ്ക്ക് എത്ര ഉദ്യോഗസ്ഥൻമാർ സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ സ്ഥാവര സ്വത്താർജ്ജിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ ഉപയോഗപ്പെടുത്തിയിട്ടുള്ള എത്ര മോട്ടോർ വാഹന ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നിവരിൽ എത്ര പേർ സർക്കാരിന്റെ കാർ ലോൺ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വരവിൽകവിഞ്ഞ് സ്വത്തു സമ്പാദിക്കുന്നതുമായി ബന്ധപ്പെട്ട മൂന്ന് കേസുകൾ വിജിലൻസ് വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൻമേലുള്ള തുടർ നടപടികൾ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) വർഷംതോറും മുദ്രവച്ച കവറുകളിൽ ലഭിക്കുന്ന പ്രോപ്പർട്ടി സ്റ്റേറ്റുമെന്റുകൾ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമാണ് സർക്കാർ അനുമതിയോടുകൂടി തുറന്ന് പരിശോധിക്കുന്നത്. 5 കൊല്ലക്കാലത്തെ സ്റ്റേറ്റ്മെന്റുകൾ തുറന്ന് പരിശോധിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക നിർദ്ദേശവും അനുമതിയും ആവശ്യമാണ്.

(ഡി) അഞ്ചു വർഷത്തിനുള്ളിൽ ആരുംതന്നെ ഭവന നിർമ്മാണ വായ്പ വാങ്ങിയിട്ടില്ല.

(ഇ) അഞ്ചു വർഷത്തിനുള്ളിൽ ആരുംതന്നെ കാർവായ്പ എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly